# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1598 | 14.12.2012 ൽ മറുപടിയ്ക്ക്

## കർഷക രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. കെ. അജിത് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ വർഷം കർഷക രജിസ്ട്രേഷൻ ആരംഭിച്ചതെന്നാണെന്നും അവസാനിപ്പിച്ചതെന്നാണെന്നും വ്യക്തമാക്കുമോ ; | (എ) കർഷക രജിസ്ട്രേഷൻ വയനാട് ജില്ലയിൽ 2012 ജനവരിയിലും മറ്റ് ജില്ലകളിൽ 2012 ജൂണിലുമാണ് ആരംഭിച്ചത്. എല്ലാ ജില്ലകളിലും 14.11.2012 വരെയാണ് അപേക്ഷകൾ സ്വീകരിച്ചത്. |
| (ബി) രജിസ്ട്രേഷൻ പൂർത്തിയായപ്പോൾ ഇതുവരെ എത്ര കർഷകരാണ് രജിസ്റ്റർ ചെയ്തതെന്ന് വെളിപ്പെടുത്തുമോ; | (ബി) 1469041 കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) ഓരോ ജില്ലയിലും കർഷക രജിസ്ട്രേഷനുവേണ്ടി വിതരണം ചെയ്ത അപേക്ഷകളെത്ര; തിരികെ ലഭിച്ച അപേക്ഷകളെത്ര; | (സി) സംസ്ഥാനത്തൊട്ടാകെ 2462050 അപേക്ഷകൾ 14 ജില്ലകളിലായി വിതരണം ചെയ്തിട്ടുണ്ട്. മൊത്തം 1469041 അപേക്ഷകൾ തിരികെ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള അപേക്ഷകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) യഥാർത്ഥ കർഷകരിൽ ഭൂരിപക്ഷം പേർക്കും രജിസ്ട്രേഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ഡി) യഥാർത്ഥ കർഷകരിൽ ഭൂരിപക്ഷം പേർക്കും രജിസ്റ്റർ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. |
| (ഇ) പാട്ടച്ചീട്ട് വച്ച് ഓരോ ജില്ലയിലും എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട് വർഷം തോറും പാട്ടഭൂമി മാറുമെന്നതിനാൽ ഇത്തരം കർഷകർക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതെങ്ങനെയെന്ന് വിശദമാക്കുമോ? | (ഇ) അപേക്ഷകൾ തരം തിരിച്ച് പരിശോധന നടത്തിയിട്ടില്ല. അപേക്ഷയുടെ ഡേറ്റാ എൻട്രി പൂർത്തിയായതിനു ശേഷമേ ഇത് സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. ഓരോ പദ്ധതിയ്ക്കും അപേക്ഷ സ്വീകരിച്ചതിനുശേഷം സ്ഥലപരിശോധന, അന്വേഷണം എന്നിവയുടെ അടിസ്ഥാനത്തിൽ പാട്ട കർഷകർക്കുള്ള ആനുകൂല്യം നൽകുന്നതിന് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| കർഷക രജിസ്ട്രേഷൻ<br>ജില്ല തിരിച്ചുള്ള അപേക്ഷാ ഫോമുകളുടെ വിവരങ്ങൾ | | | |
|---|---|---|---|
| ക്രം നം | ജില്ല | വിതരണം ചെയ്ത എണ്ണം | തിരികെ ലഭിച്ച എണ്ണം |
| 1 | തിരുവനന്തപുരം | 250000 | 96668 |
| 2 | കൊല്ലം | 159550 | 108992 |
| 3 | പത്തനംതിട്ട | 92500 | 62604 |
| 4 | ആലപ്പുഴ | 150000 | 108059 |
| 5 | കോട്ടയം | 200000 | 65305 |
| 6 | ഇടുക്കി | 150000 | 87148 |
| 7 | എറണാകുളം | 200000 | 65305 |
| 8 | തൃശ്ശൂർ | 210000 | 159958 |
| 9 | പാലക്കാട് | 200000 | 124014 |
| 10 | മലപ്പുറം | 300000 | 113724 |
| 11 | കോഴിക്കോട് | 200000 | 156074 |
| 12 | വയനാട് | 100000 | * 104700 |
| 13 | കണ്ണൂർ | 100000 | *135065 |
| 14 | കാസറഗോഡ് | 150000 | 81425 |
| | **ആകെ** | **2462050** | **1469041** |

സെക്ഷൻ ഓഫീസർ